# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1041 — 14-06-2012-ൽ മറുപടിക്ക്

# ഗോൾഫ് ക്ലബ്ബിന്റെ നടത്തിപ്പ് ചുമതല

| ചോദ്യം<br>ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി. സത്യൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരത്തുള്ള ഗോൾഫ് ക്ലബ്ബിന്റെ നടത്തിപ്പ് ചുമതല അതിന്റെ മുൻഭാരവാഹികൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;<br>(ബി) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായോ ; യോഗ തീരുമാനം എന്തായിരുന്നു ; | <u>(എ) & (ബി)</u><br>വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| സി) ക്ലബ്ബ് ഏറ്റെടുക്കുവാൻ സർക്കാരിന് അനുമതി നൽകിക്കൊണ്ടുള്ള സുപ്രീംകോടതി നിർദ്ദേശം എന്തായിരുന്നു ; വിശദമാക്കാമോ ; | സി) ക്ലബ്ബ് അംഗങ്ങൾക്ക് ഗോൾഫ് കളിക്കുന്നതിനായി, കോഴ്സ് ഉപയോഗിക്കുന്നതിന് തടസം ഉണ്ടാകരുതെന്നും ഗോൾഫ് കോഴ്സിന്റെ തുടർ മാനേജ്മെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം ഉണ്ടാകുന്നതുവരെ നിലവിലുള്ള ജീവനക്കാരെ തുടരാൻ അനുവദിക്കണമെന്നും ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചു. തിരുവനന്തപുരം |

| | |
|---|---|
| | സബ് കോടതിയിൽ ഗോൾഫ് ക്ലബ്ബ് ഭാരവാഹികൾ ഫയൽ ചെയ്തിരുന്ന ഹർജി തീർപ്പാക്കുന്നതുവരെ ഗോൾഫ് കോഴ്സിന്റെ ദൈനംദിന നടത്തിപ്പും സംരക്ഷണവും ഉൾപ്പെടെ ചുമതല വഹിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഇടക്കാല കമ്മിറ്റിയെയും സുപ്രീംകോടതി നിയോഗിച്ചിരുന്നു. |
| ഡി) മുൻസർക്കാർ ക്ലബ്ബ് ഏറ്റെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കിയ നടപടി പുന : പരിശോധിക്കാൻ ഇപ്പോൾ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ? | ഡി) വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ